LIBRARY ARCHIVES Kerala Legislative Assembly

ജനന സർട്ടിഫിക്കറ്റിലെ പിഴവുകൾ തിരുത്തൽ

300 (1725) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജനന സർട്ടിഫിക്കറ്റിലെ പിഴവുകൾ തിരുത്തി നൽകുന്നതിനുള്ള നടപടി ക്രമങ്ങൾ ലഘൂകരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) ഇതുസംബന്ധിച്ച് പുതുക്കിയ ഉത്തരവുകളോ സർക്കുലറുകളോ പുറപ്പെടുവിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ അവയുടെ പകർപ്പ് ലഭ്യമാക്കാമോ ;

(സി) ഇത് ഉദ്യോഗസ്ഥർ കർശനമായി പാലിക്കുന്നുവെന്ന് ഉറപ്പു വരുത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) ജനന സർട്ടിഫിക്കറ്റിലെ പിഴവുകൾ തിരുത്തി നൽകുന്നതിനുള്ള നടപടി ക്രമങ്ങൾ ലഘൂകരിക്കുന്നതിന്റെ ഭാഗമായി ജനന മരണ ചീഫ് രജിസ്ട്രാർ 7-2-2015-ൽ ബി1-4356/15 നമ്പരായി സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിന്റെ പകർപ്പ് ഇതോടൊപ്പം അനുബന്ധമായി ചേർക്കുന്നു.* പ്രസ്തുത സർക്കുലർ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ സൈറ്റിലും ലഭ്യമാണ്.

(സി) പ്രസ്തുത സർക്കുലറിലെ നിർദ്ദേശങ്ങൾ കർശനമായി പാലിക്കുന്നതിന് ജനന മരണ രജിസ്ട്രാർക്ക് ജില്ലാ രജിസ്ട്രാർ മുഖേന നിർദ്ദേശം നൽകിയിട്ടുണ്ട്.

തദ്ദേശസ്ഥാപനങ്ങൾക്കുള്ള പദ്ധതി വിഹിതം

301 (1726) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2012-13, 2013-14, 2014-15 സാമ്പത്തിക വർഷങ്ങളിലെ വാർഷിക പദ്ധതിയിൽ തദ്ദേശ സ്ഥാപനങ്ങൾക്കുള്ള പദ്ധതി വിഹിതം എത്ര വീതമായിരുന്നു എന്ന് വെളിപ്പെടുത്തുമോ ;

(ബി) നടപ്പ് സാമ്പത്തിക വർഷം ഫെബ്രുവരി 28 വരെയുള്ള കാലയളവിൽ തദ്ദേശഭരണ വകുപ്പിലെ പദ്ധതി ചെലവ് എത്രയാണ് ;

(സി) ഈ വർഷം തദ്ദേശഭരണ വകുപ്പിന് ലഭിക്കേണ്ട വികസന ഫണ്ടിന്റെ ഗഡുക്കളിൽ കുടിശ്ശിക ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ) 2012-13, 2013-14, 2014-15 സാമ്പത്തിക വർഷങ്ങളിലെ വാർഷിക പദ്ധതിയിൽ പ്രാദേശിക സർക്കാരുകൾക്കുള്ള പദ്ധതി വിഹിതം യഥാക്രമം 3228 കോടി, 4000 കോടി, 4700 കോടി രൂപയായിരുന്നു.

(ബി) നടപ്പ് സാമ്പത്തിക വർഷം മാർച്ച് 13 വരെ തദ്ദേശസ്വയംഭരണ വകുപ്പിലെ പദ്ധതി ചെലവിനത്തിൽ ട്രഷറിയിൽ നിന്നും 37996.04 ലക്ഷം രൂപ ചെലവ് ചെയ്തിട്ടുണ്ട്.

(സി) തദ്ദേശസ്വയംഭരണ വകുപ്പിന് ഗഡുക്കളായി അല്ല ഫണ്ട് അനുവദിക്കുന്നത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ബഡ്ജറ്റ് വിഹിതം 10 ഗഡുക്കളായി ലഭിക്കേണ്ടതിൽ ഇനി മൂന്ന് ഗഡുക്കൾ ഈ വർഷം നൽകേണ്ടതുണ്ട്.

തലസ്ഥാന നഗരിയിലെ ചവർനിക്ഷേപക സൗകര്യം

302 (1727) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തലസ്ഥാന നഗരിയിൽ പൊതുജനങ്ങൾക്ക് ചവർ നിക്ഷേപിക്കുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തിയിട്ടുള്ളത് എവിടെയെല്ലാമാണെന്ന് സൂചിപ്പിക്കുന്ന ബോർഡ് സ്ഥാപിക്കാതെ ചവർ നിക്ഷേപ നിരോധന ബോർഡുകൾ മാത്രം വ്യാപകമായി പ്രദർശിപ്പിച്ചിരിക്കുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ;

(ബി) സ്ഥലസൗകര്യമില്ലാത്ത നഗരവാസികൾക്ക് ചവർ നിക്ഷേപിക്കുന്നതിനുള്ള പൊതു സൗകര്യം ഏർപ്പെടുത്തി അത് പരസ്യപ്പെടുത്തിയുള്ള ബോർഡുകൾ സ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) നിലവിലുള്ള ചട്ട പ്രകാരം നഗരസഭാ പരിധിയിൽ ഉൽപാദിപ്പിക്കപ്പെടുന്ന മാലിന്യത്തിന്റെ സംഭരണം, പരിവഹണം, സംസ്കരണം എന്നിവ അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ അനിവാര്യ ചുമതലയാണ്. ആയത് പ്രകാരം ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനം നടപടി സ്വീകരിക്കേണ്ടതാണ്.

LIBRARY ARCHIVES Kerala Legislative Assembly